യൂണിറ്റ് തുടങ്ങുവാനായി കെ.എസ്.ഐ.ഡി.സി. യുമായി ധാരണാപത്രം ഒപ്പിടുകയുണ്ടായി. അതിന്റെ ആദ്യത്തെ മുടക്ക് ഏകദേശം 77 മില്യൻ ഡോളറാണ്.

(സി) മഹാരാഷ്ട്ര, ഡൽഹി സംസ്ഥാനങ്ങളിലേക്ക് ബസ്, ട്രക്ക് എന്നിവ നൽകുന്നതിനുള്ള ടെൻഡർ ലഭിച്ചതിന്റെ അടിസ്ഥാനത്തിലായിരുന്നു ഈ പദ്ധതിയുടെ നടപടികൾ കമ്പനി ആരംഭിച്ചത്. എന്നാൽ പ്രസ്തുത സംസ്ഥാനങ്ങൾ അവരുടെ പരിപാടികളിൽ മാറ്റം വരുത്തിയതിനാൽ കമ്പനിക്ക് ഇത്തരം വാഹനങ്ങളുടെ നിർമ്മാണം ആവശ്യമില്ലാതെ വരികയും കേരളത്തിലെ പദ്ധതിയിൽ നിന്നും പിൻമാറുകയും ചെയ്തു.

പെട്രോകെമിക്കൽ കോംപ്ലക്സ് സ്ഥാപിക്കുവാൻ ധാരണാപത്രം

16 (527)<u>ശ്രീമതി രാധാരാഘവൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കാസർഗോഡ് 7000 കോടി രൂപ മുതൽമുടക്കിൽ ഒരു പെട്രോകെമിക്കൽ കോംപ്ലക്സ് സ്ഥാപിക്കുവാൻ ശ്രീ കൃഷ്ണാ പെട്രോകെമിക്കൽസുമായി ഒരു ധാരണാപത്രം ഒപ്പുവച്ചിരുന്നുവോ; എങ്കിൽ എന്ന്;

(ബി) ഈ പദ്ധതിയുടെ ഇപ്പോഴത്തെ അവസ്ഥ എന്താണ്;

(സി) ഈ പദ്ധതി ഇതുവരെ നടക്കാതിരിക്കുവാൻ കാരണമെന്താണ്;

(ഡി) ഒമാൻ ആസ്ഥാനമായുള്ള പെട്രോകെം കാസർഗോഡ് പെട്രോകെമിക്കൽ കോംപ്ലക്സ് ആരംഭിക്കുന്നതിന് ധാരണാപത്രം ഒപ്പ്വയ്ക്കുന്ന നടപടിയുടെ ഇപ്പോഴത്തെ അവസ്ഥ എന്ത്;

(ഇ) കാസർഗോഡ് പെട്രോകെമിക്കൽ കോംപ്ലക്സ് ആരംഭിക്കുന്നതിന് ചണ്ടാരിയാസുമായി ചർച്ചകൾ നടത്തിയിരുന്നുവോ;

(എഫ്) എങ്കിൽ അവർ പെട്രോകെമിക്കൽ വ്യവസായം സംസ്ഥാനത്ത് ആരംഭിക്കാതിരുന്നത് എന്തുകൊണ്ടാണെന്ന് വിശദീകരിക്കുമോ?

<u>ഉത്തരം</u>

(എ) ഒപ്പുവച്ചിരുന്നു. 17/2/97- ൽ

(ബി) മതിയായ പുരോഗതി ഇല്ലാത്തതിനാൽ ശ്രീകൃഷ്ണാ പെട്രോകെമിക്കൽസുമായി കെ.എസ്.ഐ.ഡി.സി. ഒപ്പുവച്ചിരുന്ന ധാരണാപത്രം പിന്നീട് റദ്ദാക്കുകയുണ്ടായി. അനുയോജ്യമായ ഒരു പ്രൊമോട്ടറെ കണ്ടെത്തുവാനുള്ള കെ.എസ്.ഐ.ഡി.സി.യുടെ ശ്രമം ഇതേവരെ ഫലപ്രാപ്തിയിലെത്തിയിട്ടില്ല.

(സി) ഉത്തരം '(ബി)' ശ്രദ്ധിച്ചാലും

(ഡി) ഒമാൻ ആസ്ഥാനമായുള്ള 'ടെക്കോദേവ്' (പെട്രോകെം) എന്ന കമ്പനി പ്രാരംഭദശയിൽ ഈ പദ്ധതിയിൽ തല്പരരായിരുന്നുവെങ്കിലും പിന്നീട് ഈ സംരംഭത്തിൽനിന്നും പിൻമാറി.

(ഇ) പ്രാരംഭ ചർച്ചകൾ നടത്തിയിരുന്നു.

(എഫ്) 'ടെക്കോദേവ്' നെ പ്പോലെ ചന്ദേരിയായും പ്രാരംഭദശയിൽ ഈ പദ്ധതിയിൽ തല്പരരായിരുന്നുവെങ്കിലും പിന്നീട് പിൻമാറുകയാണ് ഉണ്ടായത്. അതിന്റെ യഥാർത്ഥ കാരണം അറിയില്ല. എങ്കിലും പദ്ധതിക്കുവേ

LIBRARY ARCHIVES Kerala Legislative Assembly

ണ്ടിവരുന്ന വലിയ മുതൽമുടക്കും, ലോകത്താകമാനം പ്രത്യേകിച്ച് തെക്ക് കിഴക്കൻ ഏഷ്യയിൽ അന്ന് ഉണ്ടായിരുന്ന സാമ്പത്തിക മാന്ദ്യവുമാണ് അതിനുള്ള കാരണങ്ങളെന്ന് കരുതപ്പെടുന്നു.

കശുവണ്ടി വ്യവസായ വികസനം

17 (528)ശ്രീമതി. ഭാർഗ്ഗവി തങ്കപ്പൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ കശുവണ്ടി വ്യവസായ വികസനത്തിനായി ഈ വർഷം എന്തു തുക ചെലവാക്കിയിട്ടുണ്ടെന്നും, ഏതെല്ലാം പദ്ധതികൾക്ക് എന്തു തുക വീതമാണ് ചെലവാക്കിയിട്ടുള്ളതെന്നും വിശദമാക്കാമോ;

(ബി) അവയുടെ പുരോഗതി വ്യക്തമാക്കാമോ?

ഉത്തരം

(എ) കേരള സംസ്ഥാന കശുവണ്ടി വികസന കോർപ്പറേഷൻ, കശുവണ്ടി വ്യവസായ വികസനത്തിന്റെ ഭാഗമായി ഈ സാമ്പത്തികവർഷം 30.11.2000 വരെ 5.25 കോടി രൂപയ്ക്കുള്ള നവീകരണ പ്രവർത്തന ജോലികൾക്കുള്ള ഓർഡർ നൽകിക്കഴിഞ്ഞു. 3 കോടി രൂപ ഇതിനകം ചെലവാക്കിയിട്ടുണ്ട്. പ്രസ്തുത തുക ഉപയോഗിച്ച് താഴെപ്പറയുന്ന പദ്ധതികളാണ് പ്രധാനമായും നടപ്പാക്കിയത്.

1. ഫാക്ടറികൾ നവീകരിക്കുന്നതിന്റെ ഭാഗമായി കോർപ്പറേഷന്റെ 34 ഫാക്ടറികളിൽ കമ്പ്യൂട്ടറൈസ്ഡ് വെയിംഗ് സിസ്റ്റം സ്ഥാപിച്ചു.

2. തോട്ടണ്ടി പ്രോസസിംഗിൽ, നിലനിന്നുവന്ന 'കരിച്ചുവറുത്ത് തല്ലി' എടുക്കുന്നതിനു പകരം കട്ട് ചെയ്യുന്നതിനുള്ള കട്ടിംഗ് സംവിധാന മെഷീനും, ആധുനിക രീതിയിലുള്ള ഇലക്ട്രിക് ബോർമ്മ, ഹോട്ട് എയർ ബോർമ്മ എന്നിവയും ഇതിനകം സ്ഥാപിച്ചു.

3. ടിൻ ഫില്ലിംഗിന് പകരം ആധുനിക രീതിയിലുള്ള എം.വി.പി. സിസ്റ്റം നടപ്പിലാക്കി;

4. ജലദൗർലഭ്യം പരിഹരിക്കുന്നതിന് ബോർലൈൻ, ട്യൂബ് വെൽ ഇവ സ്ഥാപിച്ചു;

5. ഫാക്ടറികളിൽ തൊഴിലാളികൾ ഇരുന്നു ജോലി ചെയ്യുന്ന ഷെഡ്ഡിൽ ഫാനുകൾ സ്ഥാപിച്ചു;

6. ഫാക്ടറികളിൽ ഓലഷെഡ്ഡുകൾ മാറ്റി പെർമനന്റ് ഷീറ്റ് റൂഫ് ആക്കി.

7. ആധുനിക ടോയിലറ്റുകൾ സ്ഥാപിച്ചു. കാപ്പെക്സിനു ഈ വർഷം മാർജിൻ മണി ലോണായി സർക്കാർ അനുവദിച്ച 1.69 കോടി രൂപ, കാപ്പെക്സ്, തോട്ടണ്ടി വാങ്ങിയ ഇനത്തിലുള്ള കുടിശ്ശിക തീർക്കുവാനും തൊഴിലാളികൾക്ക് കൂലി നൽകുവാനും വിനിയോഗിച്ചു.

LIBRARY ARCHIVES Kerala Legislative Assembly